## മെക്കനൈസ്ഡ് ജംഗാർ നിർമ്മാണം

52 [2661] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിക്കുന്നിലും കാവാലത്തും പ്രവർത്തിപ്പിക്കുന്നതിനായി കേരള പൊതുമരാമത്ത് വകുപ്പിനു വേണ്ടി രണ്ട് മെക്കനൈസ്ഡ് ജംഗാറുകൾ നിർമ്മിക്കുന്നതിന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തെ ഏല്പിച്ചത് എന്നാണ്;

(ബി) ഈ വർക്ക് എന്നാണ് ടെണ്ടർ ചെയ്തത് എന്നും ടെണ്ടർ എക്സസ് ഉൾപ്പെടെ എന്തു തുകയാണ് ഈ വർക്കിനു ചെലവാകുക യെന്നും വ്യക്തമാക്കുമോ;

(സി) ജംഗാറുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ് എന്നും ഇതിനോടകം എന്തു തുക ഇക്കാര്യത്തിനായി ചെലവായി എന്നും വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പണി എപ്പോൾ തീർത്തു നൽകണമെന്നായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്നും ഈ കാലയളവിൽ പണി പൂർത്തീകരിക്കുവാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇനിയെങ്കിലും ഒരു നിശ്ചിത തീയതിക്കുള്ളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 16-1-1999-ലാണ് ഏൽപ്പിച്ചത്.

(ബി) 28-7-1999-ൽ വർക്ക് ടെണ്ടർ ചെയ്തു. നികുതി ഉൾപ്പെടെ 91,35,000 രൂപ (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ) ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജംഗാറിന്റെ ഹളിന് നിർമ്മാണത്തിൽ ഡെക്ക് പ്ലേറ്റ് ഒഴികെയുള്ള പണികൾ പൂർത്തിയായിട്ടുണ്ട്. എഞ്ചിനുകൾ ഇറക്കിവച്ചിട്ടുണ്ട്. മറ്റ് പണികൾ ബാക്കിയാണ്. ഇതുവരെ ആകെ 61,49,972 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3,65,400 രൂപ റിറന്റൻഷൻ തുകയായി ഡിപ്പാർട്ട്മെന്റിൽ പിടിച്ചിട്ടുണ്ട്.

(ഡി) 7-3-2000-ലെ കരാർ വ്യവസ്ഥ പ്രകാരം 6 മാസമായിരുന്നു പണി തീർക്കുന്നതിന് കാലാവധി. വ്യവസ്ഥ പ്രകാരം നിർമ്മാണത്തിന്റെ പേമെന്റ് ഏഴ് ഘട്ടങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഒന്നാംഘട്ട നിർമ്മാണം കഴിഞ്ഞ് പേമെന്റ് നൽകുന്നതിന് 10 മാസവും, രണ്ടാം ഘട്ടം നിർമ്മാണം കഴിഞ്ഞ് ചെക്ക് നൽകിയത് ട്രഷറിയിൽ നിന്ന് മാറി എടുത്തപ്പോൾ 9 മാസവും കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ നിരക്ക് വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് പണി നിർത്തി വച്ചിരിക്കുകയാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly